# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *419** 25.06.2019-ൽ മറുപടിക്ക്

## കെ.എസ്.ടി.പി. റോഡ് നവീകരണ പ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.എ.എൻ. ഷംസീർ**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.എം. സ്വരാജ്** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ടി.പി. റോഡ് നവീകരണ പ്രവൃത്തിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ, പെരുമ്പിലാവ്-പെരിന്തൽമണ്ണ, പൊൻകുന്നം-തൊടുപുഴ തുടങ്ങിയ റോഡുകളുടെ നവീകരണ പദ്ധതികൾ പൂർത്തീകരിക്കാനായിട്ടുണ്ടോ; | (എ) കേരളത്തിലെ റോഡുകളുടെ ഗുണനിലവാരം, യാത്രാസുഖം, റോഡ് സുരക്ഷ എന്നിവ വർദ്ധിപ്പിക്കുന്നതിനായി മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ച് അന്താരാഷ്ട്ര ഗുണനിലവാരത്തിലാണ് ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എസ്.ടി.പി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2002-ൽ നിർമ്മാണം ആരംഭിച്ച കെ.എസ്.ടി.പി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 254.8 കി.മി റോഡ് വീതി കൂട്ടി നവീകരിച്ചു. കൂടാതെ 73 കി.മി ഉൾനാടൻ ഗതാഗതപാതയുടെ നവീകരണം, തെരഞ്ഞെടുത്ത 1200 കി.മി റോഡുകളുടെ ഹെവി മെയിന്റനൻസ്, ബൃഹത്തായ റോഡ് സുരക്ഷാ പദ്ധതി, പൊതുമരാമത്ത് വകുപ്പ് ശക്തിപ്പെടുത്തലും നവീകരണവും എന്നിവ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. 2403 കോടി രൂപയുടെ കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ 363 കി.മി സംസ്ഥാന പാതകളുടെ അപ്ഗ്രഡേഷൻ പണികൾ റോഡ് സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കിവരുന്നു. കെ.എസ്.ടി.പി യുടെ രണ്ടാംഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ)യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും, 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ |

ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിച്ചിട്ടുമുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ(EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കിമി), ഏറ്റുമാനൂർ - മൂവ്വാറ്റുപുഴ റോഡ് (40.96 കി.മി), പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മി), പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മി) എന്നിവ പൂർത്തികരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊച്ചി, കൊല്ലം ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിലെ ദേശീയ പാതകളിലും ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളിലും അടിപ്പാത, മേൽപ്പാലം, ജംഗ്ഷൻ മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ദേശീയപാത കടന്നുപോകുന്ന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും തിരക്കു കുറയ്ക്കാനും ബൈപാസ് നിർമ്മാണത്തിനുള്ള പദ്ധതി ഉണ്ടോ; ദീർഘകാലമായി പണിപൂർത്തിയാകാതെ കിടക്കുന്ന ആലപ്പുഴ ബൈപാസ് എത്രയും വേഗം പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന്

പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ:

(ബി) യും (സി) യും

ദേശീയപാത 66 4/6 വരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ നടന്നുവരുന്നു. അടിപ്പാത, മേൽപ്പാലം, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നീ പ്രവൃത്തികളെല്ലാം തന്നെ പ്രസ്തുത പദ്ധതിയിൽ ഉണ്ട്.

- തിരുവനന്തപുരം നഗരപ്രദേശത്ത് കൂടി കടന്നു പോകുന്ന ദേശീയപാതയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണം ലൈറ്റ്മെട്രോ പദ്ധതിയുടെ ഭാഗമായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് നടപ്പിലാക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ആറ്റിങ്ങൽ ടൗണിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ചേർത്തല കഴക്കൂട്ടം നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായി ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വ്യക്തമാക്കാമോ?

- കൊല്ലം ജില്ലയിലെ എൻ. എച്ച് 744. എൻ. എച്ച് 183, എൻ. എച്ച് 183 എ എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോട്ടു കൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ ഫ്ലൈ ഓവറുകൾ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ടൗണിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി കൊല്ലം ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.
- ആലപ്പുഴ പട്ടണത്തിലെ അതിതീവ്രമായ ഗതാഗതക്കുരുക്കിന് പരിഹാരം എന്ന നിലയ്ക്ക് ആലപ്പുഴ ബൈപ്പാസ് പേവ്ഡ് ഷോൾഡറോട്ടു കൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ പദ്ധതിയുടെ 98.60% പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. രണ്ട് മേൽപ്പാലങ്ങളുടെ പ്രവൃത്തികളാണ് ശേഷിക്കുന്നത്. റെയിൽവെ മേൽപ്പാലത്തിന് ആവശ്യമായ ഗർഡറുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഗർഡറുകളുടെ ലോഞ്ചിംഗ് 30.06.2019-ൽ പൂർത്തികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥയനുസരിച്ച് മാസ്റ്റിക്ക് കൊണ്ടുള്ള വെയറിംഗ് കോട്ട് നടപ്പിലാക്കി ആഗസ്റ്റ് അവസാനത്തോടെ പദ്ധതി പൂർത്തികരിച്ച് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- എൻ.എച്ച് 85 മധുര – കൊച്ചി ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനു വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ദേശീയപാതകളായ 183. 185, 85 എന്നിവ പേവ്ഡ് ഷോൾഡറോട്ടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

- എറണാകുളം ജില്ലയിൽ വൈറ്റില, കുണ്ടന്നൂർ ഫ്ലൈ ഓവറുകളുടെ നിർമ്മാണം നടന്നുവരുന്നു.
- കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ബൈപ്പാസിൽ തൊണ്ടയാട്, രാമനാട്ടുകര ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് നീക്കുന്നതിനു വേണ്ടി മേൽപ്പാലത്തിനാവശ്യമായ ഗർഡറുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഗർഡറുകളുടെ ലോഞ്ചിംഗ് 30.06.2019-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥയനുസരിച്ച് മാസ്റ്റിക്ക് കൊണ്ടുള്ള വെയറിംഗ് കോട്ട് നടപ്പിലാക്കി ആഗസ്റ്റ് അവസാനത്തോടെ പദ്ധതി പൂർത്തികരിച്ച് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- കണ്ണൂർ ജില്ലയിലെ ദേശീയപാത 66-ൽ പെരുമ്പ ജംഗ്ഷൻ നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ